## ശ്രീമദ്ഭാഗവതം നിത്യപാരായണം 204-ാം ദിവസം

ഗുർവർത്ഥേ ത്യക്തരാജ്യോ വ്യചരദനുവനം പദ്മപദ്ഭ്യാം പ്രിയായാ:
പാണിസ്പർശാക്ഷമാഭ്യാം മൃജിതപഥരുജോ യോ ഹരീന്ദ്രാനുജാഭ്യാം
വൈരൂപ്യാച്ഛൂർപ്പണഖ്യാ: പ്രിയവിരഹരുഷാ$ff$രോപിതഭ്രൂവിജൃംഭ
ത്രസ്താബ്ധിർബ്ബദ്ധ സേതു: ഖലദവദഹന: കോസലേന്ദ്രോ$f$വതാന്ന: **(9-10-4)**

*ശുകമുനി തുടർന്നു:*
ഖട്വാംഗൻെറ ചെറുമകനായിരുന്നു രഘു. അദ്ദേഹത്തിൻെറ ചെറുമകൻ ദശരഥൻ. ഭഗവൽപ്രാർത്ഥനയുടെ ഫലമായി ഭഗവാൻ സ്വയം ദശരഥപുത്രനായ രാമനായി അവതാരമെടുത്തു. അദ്ദേഹം അച്ഛൻെറ വാഗ്ദാനം പാലിക്കാനായി രാജ്യവും അധികാരങ്ങളും ഉപേക്ഷിച്ച് കാട്ടിൽ അലഞ്ഞു നടന്നു. അനുജനായ ലക്ഷ്മണനും ഹനുമാനും മാത്രമേ കൂട്ടിനുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിൻെറ പ്രിയ പത്നിയും നഷ്ടപ്പെട്ടു. പിന്നീട് ഒരു പാലം കെട്ടി വലിയൊരു കൂട്ടം രാക്ഷസരെ കൊന്നൊടുക്കി പ്രിയതമയെ വിണ്ടെടുത്തു. ആ ഭഗവാൻ രാമൻ നമ്മളെ സംരക്ഷിക്കട്ടെ.

വിശ്വാമിത്രമുനി നടത്തിയ യാഗങ്ങളെ വിഘ്നപ്പെടുത്താൻ വന്ന രാക്ഷസരെ രാമൻ അടിച്ചോടിച്ചു. വെറുമൊരു ലീലയായി ശിവപാശം ബന്ധിച്ച് സമ്മാനമായി സീതാദേവിയെ സ്വീകരിച്ചു. ക്ഷത്രിയ കുലത്തെ പീഢിപ്പിച്ചു കൊണ്ടിരുന്ന പരശുരാമനെ നമ്രശിരസ്കനാക്കി. ദശരഥ നിർദ്ദേശമനുസരിച്ച് ബന്ധുമിത്രാദികളെ ഉപേക്ഷിച്ച് സിതയോടും ലക്ഷ്മണനോടുമൊന്നിച്ച് വനവാസം നടത്തി. അവിടെ ശൂർപ്പണഖയേയും മറ്റ് അസുരൻമാരേയും വകവരുത്തി. ശൂർപ്പണഖയുടെ സഹോദരനായ രാവണന് സീതയിൽ ആഗ്രഹം ജനിക്കുകയും അവളെ തട്ടിക്കൊണ്ടുവരാൻ അമ്മാവനായ മാരീചനെ സ്വർണ്ണമാനിൻെറ വേഷത്തിൽ അയക്കുകയും ചെയ്യുകയുണ്ടായി. മാരീചൻ രാമബാണത്താൽ കൊല്ലപ്പെട്ടു. സ്ത്രീകളോട് ആസക്തിയുള്ളവൻെറ വിധിക്കുദാഹരണം കാണിക്കാനെന്ന മട്ടിൽ രാമൻ സീതാവിരഹത്തിൽ അതീവ ദു:ഖിതനായിരുന്നു. ഭക്തനായ ജടായുവിന് രാമൻ സായൂജ്യം നൽകി.

സുഗ്രീവനുമായി സഖ്യത്തിലേർപ്പെട്ട ശേഷം സീതാദേവി എവിടെയാണുള്ളതെന്ന് രാമൻ കണ്ടുപിടിച്ചു. സീതയെ വിണ്ടെടുക്കാൻ ലങ്കയിലേക്ക് പുറപ്പെടുകയും ചെയ്തു. സമുദ്രം അദ്ദേഹത്തിന് വഴി കൊടുത്തു. പർവ്വതനിരകൾ കൊണ്ട് സമുദ്രത്തിന് കുറുകെ ഒരു പാലം തീർത്ത് കടന്നുചെന്ന് രാമനും കൂട്ടരും ലങ്കയെ ആക്രമിച്ചു. വാനരസേനയുടെ സഹായത്തോടെ അസംഖ്യം രാക്ഷസൻമാരോടു യുദ്ധം ചെയ്ത് ഒടുവിൽ രാവണനെ വധിക്കുകയും ചെയ്തു. സീതാപഹരണത്തോടെ രാവണൻെറ ആർജ്ജിതപുണ്യങ്ങളെല്ലാം തീർന്നു പോയിരുന്നു. രാവണൻെറ നിർജ്ജീവശരീരത്തിനു ചുറ്റും രാക്ഷസസ്ത്രീകൾ ഒച്ചയിട്ടു നിലവിളിച്ചു. വികാരത്തിനു വശംവദനായി അസമയത്തു മരിച്ച രാവണൻ മരണത്തെ വിളിച്ചു വരുത്തുകയായിരുന്നു.

രാമൻ വിഭീഷണനെ ലങ്കാധിപതിയാക്കി. എന്നിട്ട് സീത ലക്ഷ്മണൻ സുഗ്രീവൻ ഹനുമാൻ എന്നിവരോടു കൂടി സ്വന്തം നാടായ അയോധ്യയിലേക്ക് പറന്നു. അപ്പോഴേക്ക് വനവാസകാലം കഴിഞ്ഞിരുന്നു. രാമൻെറ അനുജൻ ഭരതൻ അവരെ എതിരേറ്റു. ജ്യേഷ്ഠൻെറ അഭാവത്തിൽ അദ്ദേഹത്തിൻെറ മെതിയടികൾ സിംഹാസനത്തിൽ വെച്ച് ഭരതൻ രാമദാസനായി രാജ്യം ഭരിക്കുകയായിരുന്നു. എല്ലാ ബന്ധുമിത്രാദികളും പ്രജകളും രാമൻെറ തിരിച്ചു വരവിൽ അതീവ സന്തുഷ്ടരായിരുന്നു. രാമൻ അയോധ്യയിൽ സിംഹാസനാരൂഢനായി. രാമരാജ്യത്ത് ശാരീരികമോ മാനസീകമോ ആയ രോഗങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ധർമ്മനിഷ്ടയിലും ഐശ്വര്യത്തിലും രാമരാജ്യം ജ്വലിച്ചു വിളങ്ങി. സ്വന്തം ജീവിതചര്യകൊണ്ട് രാമനും സീതയും ഗൃഹസ്ഥജീവിതത്തിൻെറ ഉത്തമ മാതൃകയായി.